| 27–06–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ–നിങ്ങൾക്ക് ശരീരത്തിൽ നിന്ന് വേർപെട്ട് ബാബയുടെ അടുത്തേയ്ക്ക് പോകണം, നിങ്ങൾ ശരീരത്തെ കൂടെ കൊണ്ടുപോകുകയില്ല, അതു കൊണ്ട് ശരീരത്തെ മറന്ന് ആത്മാവിനെ നോക്കൂ.**

**ചോദ്യം:–** നിങ്ങൾ കുട്ടികൾ തന്റെ ആയുസ്സിനെ യോഗബലത്തിലൂടെ വർദ്ധിപ്പിക്കുന്നതിനുള്ള പുരുഷാർത്ഥം എന്തിനാണ് ചെയ്യുന്നത്?
**ഉത്തരം:–** എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ആഗ്രഹമുണ്ട് നമുക്ക് ബാബയിലൂടെ എല്ലാം ഈ ജന്മം തന്നെ അറിയണമെന്ന്. ബാബയിലൂടെ സർവ്വതും കേൾക്കണം, അതുകൊണ്ട് നിങ്ങൾ യോഗബലത്തിലൂടെ നിങ്ങളുടെ ആയുസ്സിനെ വർദ്ധിപ്പിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ഇപ്പോൾ തന്നെയാണ് നിങ്ങൾക്ക് ബാബയിൽ നിന്നും സ്നേഹം ലഭിക്കുന്നത്. അങ്ങനെയുള്ള സ്നേഹം പിന്നീട് നിങ്ങൾക്ക് മുഴുവൻ കല്പത്തിലും ലഭിക്കുകയില്ല. പിന്നെ ആരാണോ ശരീരം ഉപേക്ഷിച്ച് പോകുന്നത്, അവരെക്കുറിച്ച് ഡ്രാമ എന്നേ പറയാൻ കഴിയൂ. അവർക്ക് അത്രയേ പാർട്ട് ഉള്ളൂ.

**ഓം ശാന്തി**. കുട്ടികൾ ജന്മ–ജന്മാന്തരങ്ങളായി മറ്റുള്ള സത്സംഗങ്ങളിൽ പോയിട്ടുണ്ട് അതുപോലെ ഇവിടെയും വന്നിരിക്കുകയാണ്. ഇവിടെയും സത്സംഗം എന്നാണ് പറയുന്നത്. സത്യത്തിന്റെ സംഗം ഉയർത്തും. കുട്ടികളുടെ മനസ്സിൽ തോന്നുന്നുണ്ട്–ഞങ്ങൾ നേരത്തെ ഭക്തിമാർഗ്ഗത്തിലെ സത്സംഗങ്ങളിൽ പോകുമായിരുന്നു. ഇപ്പോൾ ഇവിടെയിരിക്കുകയാണ്. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസം തോന്നു ന്നുണ്ട്. ഇവിടെ ആദ്യമാദ്യം ബാബയുടെ സ്നേഹമാണ് ലഭിക്കുന്നത്. അതു കഴിഞ്ഞ് ബാബയ്ക്ക് കുട്ടികളുടെ സ്നേഹം ലഭിക്കുന്നു. ഇപ്പോൾ ഈ ജന്മത്തിൽ നിങ്ങൾ പരിവർത്തനപ്പെടുകയാണ്. നിങ്ങൾ ശരീരമല്ല, ആത്മാക്കളാണെന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി കഴിഞ്ഞു. എന്റെ ആത്മാവാണെന്ന് ശരീരം പറയുകയില്ല. എന്റെ ശരീരമാണെന്ന് ആത്മാവിനു പറയാൻ സാധിക്കും. ഇപ്പോൾ കുട്ടികൾക്കറിയാം–ജന്മജന്മാന്തരങ്ങളിൽ സന്യാസിമാരുടെയും പണ്ഡിതന്മാരുടെയും മഹാത്മാക്കളുടെയും ശിഷ്യത്വം സ്വീക രിച്ചിരുന്നു. ഇന്നത്തെക്കാലത്ത് എല്ലാം ഫാഷനാണ്–സായി ബാബാ, മെഹർ ബാബാ........പക്ഷെ അവരെല്ലാ വരും ശരീരമുള്ളവരാണ്. ശരീരത്തിന്റെ സ്നേഹത്തിൽ സുഖം ലഭിക്കുകയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളുടേത് ആത്മീയ സ്നേഹമാണ്. രാത്രിയും–പകലും തമ്മിലുള്ള വ്യത്യാസമാണ്. ഇവിടെ നിങ്ങൾക്ക് അറിവ് ലഭിക്കുകയാണ്, അവിടെ പൂർണ്ണമായും അറിവില്ലാത്തവരാണ്. ബാബ വന്നിട്ട് നമ്മളെ പഠിപ്പിക്കുകയാണെന്ന് നമ്മൾക്ക് മനസ്സിലായി. ബാബ എല്ലാവരുടേയും അച്ഛനാണ്. സ്ത്രീയും പുരുഷനും എല്ലാവരും സ്വയം ആത്മാവാണെന്നു മനസിലാക്കുന്നു. ബാബ വിളിക്കുന്നുമുണ്ടല്ലോ – അല്ലയോ കുട്ടികളേ. കുട്ടികളും വിളി കേൾക്കും. ഇത് അച്ഛന്റേയും കുട്ടികളുടേയും മേളയാണ്. കുട്ടികൾക്കറിയാം – ബാബയുടേയും കുട്ടികളുടേയും, ആത്മാവിന്റേയും പരമാത്മാവിന്റേയും മേള ഒരേ ഒരു പ്രാവശ്യമാണ് നടക്കുന്നത്. കുട്ടികൾ ബാബാ–ബാബാ എന്ന് പറഞ്ഞു കൊണ്ടിരിക്കും. □ബാബാ□ എന്ന അക്ഷരം വളരെ മധുരമേറിയതാണ്. അച്ഛൻ എന്ന് പറയുന്നതിലൂടെ സമ്പത്ത് ഓർമ്മ വരും. നിങ്ങൾ ചെറിയ കുട്ടികളൊന്നുമല്ല. അച്ഛനാരാ ണെന്ന തിരിച്ചറിവ് കുട്ടികൾക്ക് പെട്ടെന്ന് ലഭിക്കുന്നു. ബാബയിൽ നിന്നും എന്ത് സമ്പത്താണ് ലഭിക്കുന്നത് എന്ന് ഒരു കൊച്ചു കുട്ടിക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. ഇവിടെ നിങ്ങൾക്കറിയാം നമ്മൾ ബാബയുടെ അടുത്ത് വന്നിരിക്കുകയാണ്. ബാബ പറയുകയാണ് കുട്ടികളെ, അപ്പോൾ ഇതിൽ എല്ലാ കുട്ടികളും വരും. എല്ലാ ആത്മാക്കളും വീട്ടിൽ നിന്ന് ഇവിടെ വരുന്നത് പാർട്ട് അഭിനയിക്കാനാണ്. ആര് എപ്പോൾ പാർട്ട് അഭിനയിക്കാൻ വരും, ഇതും ബുദ്ധിയിലുണ്ട്. എല്ലാവരുടേയും സെക്ഷൻ വേറെവേറെയാണ്, അവിടെ നിന്നുമാണ് വരുന്നത്. പിന്നീട് എല്ലാവരും അവരവരുടെ സെക്ഷനിലേക്ക് മടങ്ങി പോകുന്നു. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ബാബ ആരെയും അയയ്ക്കുന്നില്ല. സ്വമേധയാ ഈ ഡ്രാമ നടന്നുകൊ ണ്ടിരിക്കുന്നു. ഓരോരുത്തരും അവരവരുടേതായ ധർമ്മത്തിൽ വന്നു കൊണ്ടിരിക്കുന്നു. ബുദ്ധമതം സ്ഥാപിക്കുന്നതിനു മുമ്പ് അതിലെ ആത്മാക്കൾ വരികയില്ല. ആദ്യമാദ്യം സൂര്യവംശി, ചന്ദ്രവംശികളാണ് വരുന്നത്. ആരാണോ ബാബയിലൂടെ നല്ല രീതിയിൽ പഠിക്കുന്നത്, അവരാണ് നമ്പർക്രമമനുസരിച്ച് സൂര്യവംശത്തിലും, ചന്ദ്രവംശത്തിലും ശരീരം എടുക്കുന്നത്. അവിടെ വികാരത്തിന്റെ കാര്യമില്ല. യോഗബലത്തിലൂടെ ആത്മാവ് നേരിട്ട് ഗർഭത്തിൽ പ്രവേശിക്കുന്നു. എന്റെ ആത്മാവ് ഇന്ന ശരീരത്തിൽ ചെന്ന് പ്രവേശിക്കും എന്ന് മനസിലാകും. വയസ്സായവർ മനസ്സിലാക്കും–എന്റെ ആത്മാവ് യോഗബലത്തിലൂടെ ഇന്ന ശരീരം എടുക്കും. എന്റെ ആത്മാവ് ഇപ്പോൾ പുനർജന്മം എടുക്കും. ആ അച്ഛനും മനസിലാകും – എന്റെ അടുത്തേക്ക് കുട്ടി വന്നിട്ടുണ്ട്. കുട്ടിയുടെ ആത്മാവ് വരുന്നുണ്ട്, അതിന്റെ സാക്ഷാത്ക്കാരം ലഭിക്കും. അവർക്ക് സ്വയം മനസ്സിലാക്കാൻ സാധിക്കും നമ്മൾ ചെന്ന് മറ്റൊരു ശരീരത്തിൽ

പ്രവേശിയ്ക്കും. ഈ വിചാരവും ഉണ്ടാകും. അവിടുത്തേതായ നിയമങ്ങൾ അവിടെ ഉണ്ടാകും. (അച്ഛനമ്മമാർക്ക്)എത്ര വയസ്സുള്ളപ്പോഴാണ് കുട്ടി ജനിക്കുന്നത്, ഇതെല്ലാം അവിടെ ചിട്ടയായിട്ടായിരിക്കും നടക്കുക. അത് മുന്നോട്ട് പോകുന്തോറും അറിയാൻ കഴിയും. എല്ലാം അറിയാൻ കഴിയും, അല്ലാതെ ഇവിടെ നടക്കുന്നതു പോലെ 15–20 വയസ്സിൽ കുട്ടിയുണ്ടാവുക, അങ്ങിനെയൊന്നും ആയിരിക്കുകയില്ല. അവിടെ ആയുസ്സ് 150 വർഷം ആയിരിക്കും. എപ്പോഴാണോ പകുതി വയസ്സിൽ നിന്നും കുറച്ച് കൂടുന്നത്, ആ സമയം കുട്ടി ജനിക്കും എന്തെന്നാൽ അവിടെ ആയുസ്സ് കൂടുതലായിരിക്കും, ഒരേയൊരു ആൺകുട്ടി മാത്രമെ പിറക്കൂ. പിന്നെ നിയമമനുസരിച്ച് ഒരു പെൺകുട്ടിയും വരും. ആദ്യം ആൺകുട്ടി, അതിനുശേഷം പെൺകുട്ടി, 8–10 വർഷത്തിന്റെ ഇടവേളയിൽ ജനിക്കും. മുന്നോട്ടു പോകുന്തോറും നിങ്ങൾ കുട്ടികൾക്ക് എല്ലാ സാക്ഷാത്ക്കാരവും ഉണ്ടാകും. എങ്ങനെയാണ് അവിടുത്തെ ആചാര–രീതികൾ, പുതിയ ലോകത്തിന്റെ ഈ കാര്യങ്ങളെല്ലാം ബാബ വന്നിട്ട് മനസ്സിലാക്കി തരികയാണ്. ബാബയാണ് പുതിയ ലോകം സ്ഥാപിക്കുന്നത്. അപ്പോൾ (അവിടത്തെ) ആചാര–രീതികളും തീർച്ചയായും കേൾപ്പിക്കും. മുന്നോട്ട് പോകുന്തോറും ധാരാളം കേൾപ്പിക്കും അപ്പോൾ സാക്ഷാത്ക്കാരങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. എങ്ങിനെ കുട്ടികൾ ജനിക്കും ഇതൊന്നും പുതിയ കാര്യമൊന്നുമല്ല.

കല്പകല്പം പോകേണ്ടി വരുന്ന അതേ സ്ഥലത്തേക്കു തന്നെയാണ് നിങ്ങൾ പോകുന്നത്. വൈകുണ്ഡം ഇപ്പോൾ സമീപത്ത് വന്ന് കഴിഞ്ഞു. ഏറ്റവും അടുത്തെത്തി നിൽക്കുകയാണ്. എത്രത്തോളം നിങ്ങൾ ജ്ഞാന യോഗത്തിൽ ഉറപ്പുള്ളവരായിത്തീരുന്നുവോ അത്രത്തോളം ഓരോ കാര്യങ്ങളും നിങ്ങൾക്ക് അടുത്ത് കാണുവാൻ കഴിയും. അനേക പ്രാവശ്യം നിങ്ങൾ പാർട്ട് അഭിനയിച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അറിവ് ലഭിക്കുകയാണ്, അതാണ് നിങ്ങൾ കൂടെ കൊണ്ടു പോകുന്നത്. അവിടുത്തെ ആചാര–രീതികൾ എന്തായിരിക്കും, എല്ലാം നിങ്ങൾക്ക് അറിയാൻ സാധിക്കും. ആരംഭത്തിൽ നിങ്ങൾക്ക് എല്ലാ സാക്ഷാത്ക്കാരവും ലഭിച്ചിരുന്നു. ആ സമയം നിങ്ങൾ ആൽഫയും ബീറ്റയും (അള്ളാഹുവും ആസ്തിയും) ആയിരുന്നു പഠിച്ചത്. ഇനി അവസാനവും നിങ്ങൾക്ക് തീർച്ചയായും സാക്ഷാത്ക്കാരം കിട്ടണം. അതും ബാബ പറയുകയാണ്, അതെല്ലാം കാണാനുള്ള ആഗ്രഹം നിങ്ങൾക്ക് ഇവിടെയാണുള്ളത്. ഈ ശരീരം നഷ്ടപ്പെടരുത്, എല്ലാം കണ്ടിട്ട് പോകണം എന്ന് ചിന്തിക്കുന്നു. ഇതിൽ ആയുസ്സ് കൂട്ടാൻ വേണ്ടത് യോഗബലമാണ്. ബാബയിലൂടെ എല്ലാം കേൾക്കണം, എല്ലാം കാണണം. ആരാണോ ആദ്യമെ പോയത് അവരെക്കുറിച്ച് ചിന്ത ആവശ്യമില്ല. അത് ഡ്രാമയിലെ പാർട്ടാണ്. ബാബയിൽ നിന്നും ധാരാളം സ്നേഹം എടുക്കാൻ ഭാഗ്യമില്ലായിരുന്നു. എന്തെന്നാൽ എത്രത്തോളം സർവ്വീസബ്ൾ ആയി മാറുന്നുവോ, അത്രത്തോളം ബാബയ്ക്ക് പ്രിയം കൂടും. എത്രത്തോളം സേവനം ചെയ്യുന്നുവോ, എത്രത്തോളം ബാബയെ ഓർക്കുന്നുവോ അത് ശേഖരിക്കപ്പെടും. നിങ്ങൾക്ക് വളരെ രസം തോന്നും. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമാകുകയാണ്. ബാബ പറയുകയാണ് നിങ്ങൾ ആത്മാക്കൾ എന്റെ അടുത്തായിരുന്നല്ലോ. ഭക്തി മാർഗ്ഗത്തിൽ മുക്തിയ്ക്കുവേണ്ടി വളരെ പരിശ്രമിച്ചിരുന്നു. ജീവന്മുക്തിയെക്കുറിച്ച് അറിഞ്ഞിരുന്നില്ല. ഇത് വളരെ മനോഹരമായ ജ്ഞാനമാണ്. വളരെ സ്നേഹമുണ്ട്. ബാബ, അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. സത്യംസത്യമായ പരമമായ പിതാവ് നമ്മളെ 21 ജന്മത്തേയ്ക്ക് സുഖധാമത്തിലേയ്ക്ക് കൊണ്ടു പോകുന്നു. ആത്മാവാണ് ദുഃഖിതനാകുന്നത്. ദുഃഖവും–സുഖവും തിരിച്ചറിയുന്നത് ആത്മാവാണ്. പാപാത്മാവ്, പുണ്യാത്മാവ് എന്നാണ് പറയുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നത് നമ്മളെ സർവ്വ ദുഃഖങ്ങളിൽ നിന്നും മോചിപ്പിക്കാനാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്തതിലേക്കു പോകണം. എല്ലാവരും സുഖമുള്ളവരായിത്തീരും. മുഴുവൻ ലോകവും സുഖമുള്ളവരായിത്തീരും. ഡ്രാമയിലെ പാർട്ടിനെയും നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. നിങ്ങൾ എത്ര സന്തോഷത്തോടെയാണ് ഇരിക്കുന്നത്. ബാബ വന്നിരിക്കുന്നത് നമ്മളെ സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ വേണ്ടിയാണ്. നമ്മളെ എല്ലാവരെയും സ്വർഗ്ഗത്തിൽ കൊണ്ടു പോകും. ബാബ ധൈര്യം പകരുകയാണ് മധുര–മധുരമായ കുട്ടികളെ, ഞാൻ നിങ്ങളുടെ സർവ്വ ദുഃഖങ്ങളേയും ദൂരീകരിക്കാൻ വന്നിരിക്കുകയാണ്. അപ്പോൾ അങ്ങിനെയുള്ള അച്ഛനോട് എന്തു മാത്രം സ്നേഹം ഉണ്ടായിരിക്കണം. എല്ലാ സംബന്ധങ്ങളും നിങ്ങൾക്ക് ദുഃഖം നൽകുകയാണ് ചെയ്തത്. ഇവിടെ എല്ലാം ദുഃഖം നൽകുന്ന സന്താനങ്ങളാണ്. നിങ്ങൾ ദുഃഖിതരായി, ദുഃഖത്തിന്റെ തന്നെ കാര്യങ്ങൾ കേട്ട് വന്നിരിക്കുകയാണ്. ഇപ്പോൾ ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരികയാണ്. അനേക പ്രാവശ്യം കേൾപ്പിച്ചിട്ടുമുണ്ട്, ചക്രവർത്തി രാജാവാക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ നമ്മളെ അങ്ങിനെയുള്ള സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന ബാബയെ, എന്തു മാത്രം സ്നേഹിക്കണം. ഒരു ബാബയെയാണ് നിങ്ങൾ ഓർക്കുന്നത്. ബാബയോടല്ലാതെ മറ്റാരോടും ഒരു സംബന്ധവുമില്ല. ആത്മാവിനാണ് മനസ്സിലാക്കി കൊടുക്കുന്നത്. നമ്മൾ പരമമായ അച്ഛന്റെ കുട്ടികളാണ്. ഇപ്പോൾ എങ്ങനെയാണോ നമുക്ക് വഴി ലഭിച്ചിരിക്കുന്നത്, അതുപോലെ മറ്റുള്ളവർക്കും സുഖത്തിന്റെ വഴി പറഞ്ഞു കൊടുക്കണം. നിങ്ങൾക്ക് വെറും അര കല്പത്തേയ്ക്കു മാത്രമല്ല, മുക്കാൽ കല്പം സുഖം ലഭിക്കുന്നു. നിങ്ങളുടെ മുന്നിലും ചിലർ

ബലിയാകുന്നു. എന്തെന്നാൽ നിങ്ങൾ ബാബയുടെ സന്ദേശം കേൾപ്പിച്ചിട്ട് സർവ്വ ദുഃഖങ്ങളേയും ദൂരീകരിക്കുന്നു.

നിങ്ങൾക്കറിയാം ബ്രഹ്മാവിനും ഈ ജ്ഞാനം പരമമായ പിതാവിൽ നിന്നുമാണ് ലഭിക്കുന്നത്. ബ്രഹ്മാബാബയും ഈ സന്ദേശം നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നു. നമ്മൾ പിന്നെ മറ്റുള്ളവർക്ക് സന്ദേശം നൽകുന്നു. ബാബയുടെ പരിചയം നൽകി എല്ലാ കുട്ടികളേയും അജ്ഞാനമാകുന്ന നിദ്രയിൽ നിന്നും, ഉണർത്തിക്കൊണ്ടിരിക്കുന്നു. ഭക്തിയെ അജ്ഞാനം എന്നാണ് പറയുന്നത്. ജ്ഞാനവും ഭക്തിയും വേറെ വേറെയാണ്. ജ്ഞാന സാഗരനായ ബാബ ഇപ്പോൾ നിങ്ങൾ കുട്ടികളെ ജ്ഞാനം പഠിപ്പിക്കുകയാണ്. നിങ്ങളുടെ മനസ്സിലുണ്ട്, ബാബ ഓരോ അയ്യായിരം വർഷത്തിനു ശേഷവും വന്ന് നമ്മളെ ഉണർത്തുന്നു. നമ്മുടെ ദീപത്തിൽ ഘൃതം(എണ്ണ) കുറച്ചു മാത്രമേ അവശേഷിച്ചിട്ടുള്ളൂ. അത് കൊണ്ട് ഇപ്പോൾ വീണ്ടും ജ്ഞാന ഘൃതം ഒഴിച്ച് ദീപം തെളിക്കുന്നു. എപ്പോഴാണോ ബാബയെ ഓർക്കുന്നത് അപ്പോൾ ആത്മാവാകുന്ന ദീപം ജ്വലിക്കുന്നു. ആത്മാവിലുള്ള അഴുക്ക് ബാബയുടെ ഓർമ്മയിലൂടെ മാത്രമേ ഇളകുകയുള്ളൂ. ഇതിലാണ് മായയുടെ യുദ്ധം നടക്കുന്നത്. മായ ഇടയ്ക്കിടയ്ക്ക് മറപ്പിക്കുന്ന അഴുക്ക് ഇളകുന്നതിനു പകരം അഴുക്ക് കൂടി വരുന്നു. എത്രത്തോളം ഇളകുന്നുവോ അതിനെക്കാളും കൂടുതൽ അഴുക്ക് വീണ്ടും കൂടുന്നു. ബാബ പറയുകയാണ്–കുട്ടികളെ, എന്നെ ഓർമ്മിക്കൂ. അപ്പോൾ അഴുക്ക് ഇളകും. ഇതിൽ പരിശ്രമം ആവശ്യമാണ്. ശരീരത്തിന്റെ ആകർഷണം പാടില്ല. ദേഹീ അഭിമാനി ആകൂ. നമ്മൾ ആത്മാവാണ്, ശരീര സഹിതം ബാബയുടെ അടുത്ത് പോകുവാൻ കഴിയില്ല. ശരീരത്തിൽ നിന്നും വേറിട്ടു മാത്രമേ പോകുവാൻ കഴിയൂ. ആത്മാവിനെ നോക്കുന്നതിലൂടെ അഴുക്ക് ഇല്ലാതായി തീരും, ശരീരത്തിനെ നോക്കുകയാണെങ്കിൽ അഴുക്ക് കൂടുകയേയുള്ളൂ. ചിലപ്പോൾ കൂടുന്നു, ചിലപ്പോൾ ഇളകുന്നു–ഇത് നടന്നു കൊണ്ടേയിരിക്കുന്നു. ചിലപ്പോൾ താഴെ, ചിലപ്പോൾ മുകളിൽ–വളരെ സൂക്ഷിച്ച് നടക്കേണ്ട വഴിയാണ്. നടന്ന് നടന്ന് പിന്നീട് കർമ്മാതീത അവസ്ഥ നേടും. മുഖ്യമായും ഓരോ കാര്യത്തിലും ചതിക്കുന്നത് കണ്ണുകളാണ്, അതു കൊണ്ട് ശരീരത്തിനെ കാണരുത്. നമ്മുടെ ബുദ്ധി ശാന്തിധാമത്തിലും സുഖധാമത്തിലുമാണ് പിന്നെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ആഹാരവും ശുദ്ധമായത് കഴിക്കണം. ദേവതകളുടേത് പവിത്ര ഭോജനമാണ്. വൈഷ്ണവർ എന്ന അക്ഷരം വിഷ്ണുവിൽ നിന്നാണ് വന്നത്. ദേവതകൾ ഒരിക്കലും മോശമായ സാധനങ്ങൾ കഴിക്കുകയില്ല. വിഷ്ണുവിന്റെ ക്ഷേത്രവുമുണ്ട്, അതിനെ നര–നാരായണൻ എന്നും പറയുന്നു. ലക്ഷ്മീ–നാരായണനെ നോക്കുകയാണെങ്കിൽ അവർ സാകാരിയാണ്. അവർക്ക് 4 ഭുജങ്ങൾ കാണിക്കാൻ പാടില്ല. പക്ഷെ ഭക്തി മാർഗ്ഗത്തിൽ അവർക്കും 4 ഭുജങ്ങൾ കൊടുത്തിട്ടുണ്ട്. ഇതിനെയാണ് പരിധിയില്ലാത്ത അജ്ഞാനം എന്ന് പറയുന്നത്. 4 ഭുജങ്ങളുള്ള ഒരു മനുഷ്യനും ഉണ്ടാകില്ല എന്ന കാര്യം ചിന്തിക്കുന്നില്ല. സത്യയുഗത്തിലുള്ളവർ 2 ഭുജങ്ങൾ ഉള്ളവരായിരിക്കും. ബ്രഹ്മാവിനും 2 ഭുജങ്ങളാണുള്ളത്. ബ്രഹ്മാവിന്റെ മകളാണ് സരസ്വതി, അവരെ രണ്ടു പേരെയും ചേർത്താണ് 4 ഭുജങ്ങൾ കൊടുത്തിരിക്കുകയാണ്. സരസ്വതി ബ്രഹ്മാവിന്റെ പത്നിയൊന്നുമല്ല, പ്രജാപിതാ ബ്രഹ്മാവിന്റെ മകളാണ്. എത്രത്തോളം കുട്ടികളെ ദത്തായി ലഭിക്കുന്നുവോ, അത്രത്തോളം ഭുജങ്ങൾ കൂടി കൂടി വരുന്നു. ബ്രഹ്മാവിനാണ് 108 ഭുജങ്ങൾ ഉള്ളതായി പറയപ്പെടുന്നത്. വിഷ്ണുവിനെയോ ശങ്കരനെയോ അങ്ങനെ പറയുകയില്ല. ബ്രഹ്മാവിനു നിറയെ ഭുജങ്ങളുണ്ട്. ഭക്തി മാർഗ്ഗത്തിൽ ഒരു ജ്ഞാനവുമില്ല. ബാബ വന്നിട്ട് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. നിങ്ങൾ പറയുന്നു ബാബ വന്നിട്ട് നമ്മളെ വിവേകശാലികളാക്കി. മനുഷ്യൻ പറയുന്നു ഞങ്ങൾ ശിവന്റെ ഭക്തനാണെന്ന്. ശരി, നിങ്ങൾ ശിവൻ എന്താണെന്നാണ് മനസ്സിലാക്കി വച്ചിരിക്കുന്നത്? ഇപ്പോൾ നിങ്ങൾക്കറിയാം ശിവബാബാ സർവ്വ ആത്മാക്കളുടേയും അച്ഛനാണ്. അതു കൊണ്ടാണ് അദ്ദേഹത്തിന്റെ പൂജ ചെയ്യുന്നത്. മുഖ്യമായ കാര്യം ബാബ പറയുന്നു–എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങൾ വിളിച്ചിട്ടുമുണ്ട് – ഹേ പതിതപാവനാ വന്ന് ഞങ്ങളെ പാവനമാക്കൂ. എല്ലാവരും വിളിച്ചു കൊണ്ടു തന്നെയിരിക്കുന്നു – പതീത പാവന സീതാറാം. ഇദ്ദേഹവും പാടി കൊണ്ടിരുന്നു. ബാബ സ്വയം വന്ന് എന്നിൽ പ്രവേശിക്കും എന്ന് (ബ്രഹ്മാ)ബാബയ്ക്ക് അറിയുകയേയില്ലായിരുന്നു. എത്ര അതിശയമാണ്, ഒരിക്കലും ചിന്തനത്തിൽപോലും ഉണ്ടായിരുന്നില്ല. ഇത് എന്താണ് സംഭവിക്കുന്നത് എന്ന ആശ്ചര്യമായിരുന്നു! ഞാൻ ആരെയെങ്കിലും നോക്കിയാൽ ഇരുന്ന ഇരുപ്പിൽ തന്നെ അവർക്ക് ആകർഷണം ഉണ്ടാകുമായിരുന്നു. ഇത് എന്താണ് നടക്കുന്നത്? ശിവബാബയാണ് ആകർഷിച്ചിരുന്നത്. മുന്നിൽ ഇരിക്കുമ്പോൾ തന്നെ ധ്യാനത്തിലേക്ക് പോകുമായിരുന്നു. ഇത് എന്താണ് എന്ന ആശ്ചര്യമായിരുന്നു! ഈ കാര്യങ്ങളെ മനസ്സിലാക്കുവാൻ ഏകാന്തത ആവശ്യമാണ്. അപ്പോൾ വൈരാഗ്യം വരാൻ തുടങ്ങി–എവിടെ പോകും? ശരി, ബനാറസിൽ പോകാം. ഇത് ബാബയുടെ ആകർഷണമായിരുന്നു. അത് ഇദ്ദേഹത്തേയും ചെയ്യിച്ചതായിരുന്നു, ഇത്ര വലിയ വ്യവഹാരങ്ങളെല്ലാം ഉപേക്ഷിച്ചിട്ടു പോയി. ആ പാവങ്ങൾക്ക് എന്തറിയാമായിരുന്നു ബനാറസിൽ എന്തിനു പോകുന്നുവെന്ന്? എന്നിട്ട് അവിടെ പൂന്തോട്ടത്തിൽ ചെന്നെത്തി. അവിടെ പെൻസിൽ കൈയ്യിലെടുത്ത് മതിലിൽ സൃഷ്ടിചക്രം വരയ്ക്കുമായിരുന്നു. ബാബ എന്തെല്ലാമാണ് ചെയ്യിക്കുന്നത്, ഒന്നും അറിയാൻ കഴി

ഞ്ഞിരുന്നില്ല. രാത്രിയിൽ ഉറക്കം വരുമായിരുന്നു. എവിടേയ്ക്കോ പറന്നു പോകുന്നതു പോലെ തോന്നിയിരുന്നു. അത് കഴിഞ്ഞ് താഴേയ്ക്ക് വരുമായിരുന്നു. എന്താണ് നടക്കുന്നത് ഒന്നും മനസിലാകുന്നില്ലായിരുന്നു. ആരംഭത്തിൽ എത്ര സാക്ഷാത്ക്കാരം നടക്കുമായിരുന്നു. പെൺകുട്ടികൾ ഇരുന്ന ഇരുപ്പിൽ ധ്യാനത്തിൽ പോകുമായിരുന്നു. നിങ്ങൾ വളരെയധികം കണ്ടിട്ടുണ്ട്. നിങ്ങൾ പറയും എന്താണോ ഞങ്ങൾ കണ്ടത് അത് നിങ്ങൾ കണ്ടിട്ടില്ല. ഇനി വരാൻ പോകുന്ന സമയത്തും ബാബ നിറയെ സാക്ഷാത്ക്കാരം ചെയ്യിക്കും, കാരണം സമീപത്ത് എത്തിക്കൊണ്ടിരിക്കുകയാണല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ബാബയുടെ സന്ദേശം കേൾപ്പിച്ച് സർവ്വരുടേയും ദുഃഖത്തെ ദൂരീകരിക്കണം. സർവ്വർക്കും സുഖത്തിന്റെ വഴി പറഞ്ഞു കൊടുക്കണം. പരിധിക്കുള്ളിൽ നിന്നും പരിധിയില്ലാത്തതിലേക്കു പോകണം.

2. അന്തിമസമയത്തുള്ള എല്ലാ സാക്ഷാത്ക്കാരങ്ങളും ചെയ്യാൻ വേണ്ടിയും ബാബയുടെ സ്നേഹത്തിന്റെ പാലന നേടുന്നതിനു വേണ്ടിയും ജ്ഞാന-യോഗത്തിൽ ഉറപ്പുള്ളവരായിത്തീരണം. മറ്റുള്ളവരെക്കുറിച്ച് (ആദ്യം ശരീരം ഉപേക്ഷിച്ചവരെക്കുറിച്ച്)ചിന്തിക്കാതെ യോഗബലത്തിലൂടെ തന്റെ ആയുസ്സിനെ വർദ്ധിപ്പിക്കണം.

## വരദാനം -ആലസ്യത്തെ അഥവാ ശ്രദ്ധയുടെ അഭിമാനത്തെ വിട്ട് ബാബയുടെ സഹായത്തിനു പാത്രമാകുന്ന സഹജപുരുഷാർഥിയായി ഭവിക്കട്ടെ.

പല കുട്ടികളും ധൈര്യം വെക്കുന്നതിനു പകരം ആലസ്യത്തിന്റെ കാരണത്താൽ അഭിമാനത്തിലേക്കു വരുന്നു- ഞാനൊക്കെ സദാ പാത്രം തന്നെയാണ്. ബാബ എന്നെ സഹായിച്ചില്ലെങ്കിൽ പിന്നെ ആരെയാണ് സഹായിക്കുക! ഈ അഭിമാനത്തിന്റെ കാരണത്താൽ ധൈര്യത്തിന്റെ വിധിയെ മറക്കുന്നു. പലരിലും പിന്നീട് സ്വയത്തിനു മേൽ ശ്രദ്ധ നൽകുന്നതിന്റെയും അഭിമാനം ഉണ്ട്, അത് സഹായത്തിൽ നിന്ന് വഞ്ചിതമാക്കുന്നു. മനസിലാക്കുന്നു ഞാൻ വളരെ യോഗം ചെയ്തിരിക്കുന്നു, ജ്ഞാനി യോഗി തു ആത്മാവായി മാറി, സേവനത്തിന്റെ രാജധാനി ഉണ്ടാക്കി...ഇപ്രകാരത്തിലുള്ള അഭിമാനത്തെ വിട്ട് ധൈര്യത്തിന്റെ ആധാരത്തിൽ സഹായത്തിനു പാത്രമാകൂ എങ്കിൽ സഹജപുരുഷാർഥിയായി മാറും.

## സ്ലോഗൻ -എന്ത് വ്യർഥവും നെഗറ്റീവുമായ സങ്കൽപങ്ങൾ നടക്കുന്നുവോ അവയെ പരിവർത്തനപ്പെടുത്തി വിശ്വമംഗളത്തിന്റെ കാര്യത്തിലുപയോഗിക്കൂ